# സപര്യ

# 2025 - 2026

# അക്കാദമിക

## മാസ്റ്റർ പ്ലാൻ

## പാഠ്യ പ്രവർത്തനങ്ങളും

## ദിനാചരണങ്ങളും



## ജി.എൽ.പി.എസ് മുകുന്ദപുരം

## (23329)

# ഗവൺമെന്റ് എൽ പി സ്കൂൾ മുകുന്ദപുരം

പള്ളയോടൊത്ത് പള്ളിക്കൂടവും വേണം, അല്ലെങ്കിൽ പള്ളി അനുവദിക്കുകയില്ല. 1862 ൽ സെന്റ് തോമസ് പള്ളിയുടെ ഉടമ സ്ഥതയിൽ ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

കൊടുങ്ങല്ലൂർ റോഡിൽ നിന്ന് പള്ളിയിലേക്ക് വാഹനങ്ങൾ കയറുന്ന വഴിയുടെ വടക്കു ഭാഗത്ത് ... ഷേപ്പിൽ ഒരു കെട്ടിടം. അതിന്റെ കിഴക്കു ഭാഗത്ത് ഒരു പാട്ടുമുറി. ചവിട്ടുപടി വഴിയുടെ തെക്കുഭാഗത്ത് "L" ഷേപ്പിൽ തന്നെ മറ്റൊരു കെട്ടിടം. കെട്ടിടം പണിതെങ്കിലും സ്കൂൾ നടത്തുന്നതിനുള്ള സാമ്പത്തിക സ്ഥിതി പള്ളിക്കുണ്ടായിരുന്നില്ല. അധ്യാപകർക്കുള്ള ശമ്പളം പള്ളിയിൽ നിന്നും കൊടുക്കണം. അതിനുള്ള മാർഗം ഇല്ലാതെ വന്നപ്പോൾ പള്ളിക്കെട്ടിടങ്ങൾ സ്കൂൾ നടത്തിപ്പിനു വേണ്ടി സർക്കാരിലേക്ക് വാടകയ്ക്ക് വിട്ടുകൊടുത്തു. അങ്ങനെ 1862 ൽ ജി.എൽ.പി.എസ്. മുകുന്ദപുരം എന്ന പേരിൽ സ്കൂൾ ആരംഭിച്ചു. ഒന്ന് പെൺകുട്ടി കൾക്കും ഒന്ന് ആൺകുട്ടികൾക്കും, മലയാളം പള്ളിക്കൂടം.

ജാതിമത ഭേദമന്യേ ആയിരക്കണക്കിന് പാവപ്പെട്ട കുട്ടി കൾക്ക് പ്രാഥമിക വിദ്യാഭ്യാസം ഈ സ്കൂളിൽ നിന്നും ലഭിക്കുക യുണ്ടായി. മറ്റു സ്കൂളിലെല്ലാം ഫീസ് കൊടുക്കണം. പ്രൈമറി ക്ലാസ്സുകളിൽ അന്ന് നാലണ (25 പൈസ) യാണ് ഫീസ്. അതു പോലും കൊടുക്കാൻ കഴിവില്ലാത്ത നൂറുകണക്കിന് മാതാപിതാ ക്കൾക്ക് തങ്ങളുടെ മക്കളെ നാലക്ഷരം പഠിപ്പിക്കാൻ ഈ വിദ്യാ ലയം വലിയൊരു അനുഗ്രഹമായി. ഇവിടെ പഠിച്ചു പോയ പലരും ഉന്നതസ്ഥാനങ്ങളിൽ എത്തി.

1943 ൽ സ്കൂൾ മാനേജ്മെന്റിന് വിട്ടുകിട്ടുന്നതിന് വേണ്ടി ഒരു ശ്രമം പള്ളിയിൽ നിന്നും ഉണ്ടായി. പക്ഷെ ആ ശ്രമം പരാജയപ്പെട്ടു. വീണ്ടും ഇതിനായി 1950 ലും 1962 ലും അപേക്ഷകൾ സമർപ്പിക്കപ്പെടുകയുണ്ടായി. സർക്കാരിൽ നിന്നും യാതൊരു വിട്ടുവിഴ്ച്ചയും ഉണ്ടായില്ല. വർഷങ്ങളായുള്ള പള്ളിയുടെ ശ്രമം മൂലം സ്കൂളിന്റെ വടക്കുഭാഗത്തെ പെൺകുട്ടികളുടെ സ്കൂൾ കെട്ടിടം പള്ളിക്ക് വിട്ടുകൊടുത്തു. തെക്കുഭാഗത്തെ കെട്ടിടം ആൺകുട്ടികളെയും പെൺകുട്ടികളെയും പഠിപ്പിക്കുന്ന സ്കൂളാക്കി.

26.12.2001 ന് സ്കൂളിന് വേദനാജനകമായ ഒരു സംഭവമുണ്ടായി. ഒരു മുന്നറിയിപ്പും കൂടാതെ സെന്റ് തോമസ് പള്ളി അധികാരികൾ സ്കൂൾ കെട്ടിടത്തിന്റെ വടക്കുഭാഗം (ഓഫീസ് ഒഴികെ) റോഡിന് അഭിമുഖമായി നിന്നിരുന്നത് പൊളിച്ചു മാറ്റി. ഈ നാട്ടിലെ പാവപ്പെട്ട തൊഴിലാളികളുടെ സ്കൂളിനോടുള്ള പ്രതിപത്തി, അധികാരികൾക്ക് ശരിക്കും ബോധ്യപ്പെട്ടത് അന്നായിരുന്നു. പള്ളി നേതൃത്വത്തിന് നേരെ നാട്ടുകാരിൽ നിന്നും കനത്ത പ്രതിഷേധം തന്നെ ഉണ്ടായി.

01.01.2002 ൽ സ്കൂൾ കെട്ടിടം പൊളിച്ചതിനു പകരം രണ്ട് ക്ലാസ്സ് മുറികൾ മാനേജ്മെന്റ് പണിയാൻ തുടങ്ങി. 17.05.2002 ൽ പുതുതായി രണ്ട് മുറികളുടെയും താക്കോൽ പള്ളിവികാരിയിൽ നിന്നും കിട്ടി. പള്ളി അധികാരികൾ 2008 ൽ സ്കൂൾ കെട്ടിടം വീണ്ടും പൊളിച്ചു.

1862 ൽ ഈ സ്കൂൾ ആരംഭിക്കുമ്പോൾ അധഃകൃതവർഗ്ഗക്കാർക്കും പാവങ്ങൾക്കും പഠിക്കുവാനുള്ള മറ്റൊരു സാധ്യതയും ഇവിടെ ഉണ്ടായിരുന്നില്ല. ഇത്തരം കുട്ടികൾക്ക് ലഭിച്ച ഒരു വലിയ

അനുഗ്രഹമായിരുന്നു ഈ കൊച്ചുവിദ്യാലയം, ഫീസില്ലാതെ പഠിക്കാൻ കഴിയുന്ന ഏക വിദ്യാലയം ഇതായിരുന്നു. നായർ സ്ത്രീകളായിരുന്നു പ്രധാനമായും അന്ന് ഇവിടെ പഠിപ്പിച്ചിരുന്ന അധ്യാപികമാർ. കുട്ടികളെക്കൊണ്ട് നിറഞ്ഞു കവിഞ്ഞ ക്ലാസ്സുകൾ ഉണ്ടായിരുന്ന ഒരു കാലം ഈ വിദ്യാലയത്തിനും ഉണ്ടായിരുന്നു.

ഇന്ന് പ്രഥമാധ്യാപികയടക്കം 4 അധ്യാപകരും 2 അനധ്യാപകരും നേഴ്സറി അധ്യാപകയുമടക്കം 7 പേർ ഈ വിദ്യാലയത്തിൽ ജോലി ചെയ്യുന്നു. സ്കൂളിന്റെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്. ഫോക്കസ് സ്കൂൾ ഫണ്ട്ഉപയോഗിച്ച് താറുമാറായിക്കിടക്കുന്ന സ്കൂൾ കെട്ടിടം ഇത്തിരിയെങ്കിലും പുതുക്കിപണിയുകയും മുൻവശം കളർഫുൾ ആയി പെയിന്റടിച്ച് മനോഹരമാക്കുകയും ചെയ്തിട്ടുണ്ട്. ഉച്ചഭക്ഷണം ഉപ്പുമാവും പാലും ആയിരുന്ന കാലമെല്ലാം മാറി. കുട്ടികൾക്ക് മുട്ടയും പാലും പച്ചക്കറികളും ബിരിയാണിയുമടങ്ങുന്ന പോഷണം നിറഞ്ഞ ഭക്ഷണം നല്കാൻ സർക്കാരിനൊപ്പം അധ്യാപകരും പണം ചെലവിടുന്നു.

സ്കൂൾ നിലനിർത്തും എന്ന സർക്കാരിന്റെ നയം ഏറെ സ്വാഗതാർഹമാണെങ്കിലും ചുറ്റിലും എയ്ഡഡ് സ്കൂളുകൾ തഴച്ചു വളരുമ്പോൾ ഒന്നരനൂറ്റാണ്ടിലധികം വർഷത്തെ ചരിത്രപാരമ്പര്യമുള്ള ഈവിദ്യാലയത്തെ സംരക്ഷിക്കാൻ ജി.എൽ.പി.എസ് മുകുന്ദപുരം എന്ന പേരിൽ തന്നെ നിലനിർത്താൻ വേണ്ടി നാട്ടുക്കാരും അധ്യാപക- രക്ഷാകർത്തൃസമിതിയും സ്കൂൾ സപ്പോർട്ടിങ്ങ് ഗ്രൂപ്പും നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു.

# ലക്ഷ്യം

വായിക്കാനും എഴുതാനും അറിയാതെ ഒരു കുട്ടിപോലും നാലാം ക്ലാസ്സ് വിട്ട് പോകരുത് മറ്റുമിടുക്കരായ കുട്ടികളെ പോലെ ശരിയും തെറ്റും തിരിച്ചറിഞ്ഞ് സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും പഠനത്തിൽ മികവു പുലർത്തുന്നതോടൊപ്പം പാടാനും ആടാനും കഴിയുന്ന ആത്മവി ശ്വാസം കൈമുതലാക്കിത്തന്നെ കുട്ടികളെ ഉയർത്തുന്നതിനോടൊപ്പം ഭാവിയിൽ അധ്യാപകരാവാൻ ആഗ്രഹിക്കുന്നവർക്ക് ഒരു പ്രതീക്ഷയായി ജി.എൽ.പി.എസ് മുകുന്ദപുരം എന്ന പേരിൽ ഈ വിദ്യാലയം നില നിൽക്കണം.

വിദ്യാലയത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കി, ഒന്നര നൂറ്റാണ്ടിലധികം കാലത്തെചരിത്രം പേറുന്ന ഈ സർക്കാർ സ്കൂൾ കൂടുതൽ യശസ്സുറ്റതാക്കി, സാമൂഹ്യനീതി ഉറപ്പാക്കുന്ന സർക്കാർ സ്ഥാപ നമായി നിലനിൽക്കുക തന്നെ വേണം.

ഇരിങ്ങാലക്കുട നിയോജകമണ്ഡലം ബഹു.എം.എൽ.എയും ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രിയും ആയ ഡോ. ആർ.ബിന്ദു അവർകൾ മനസ്സു വെച്ചാൽ ഈ നാട്ടിലെ പാവപ്പെട്ടവരായ മനുഷ്യരുടെ സ്വപ്നം പൂവണിയുക തന്നെ ചെയ്യും. ടി.ടി.സി, ബി എഡ്, എം.എഡ്. K Tet, 5ET മുതലായവ എല്ലാ യോഗ്യതകളും നേടി സർട്ടിഫിക്കറ്റ് പെട്ടി യിൽ വെട്ട് കടകളിൽ ജോലി നോക്കുന്ന അഭ്യസ്തവിദ്യാരായ കൂറേ യുവ ത്വങ്ങൾക്ക് സർക്കാർ ജോലി ലഭിക്കണമെങ്കിൽ ഇതുപോലുള്ള സർക്കാർ വിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടുക തന്നെ വേണം.

സർക്കാരിന്റെ നയങ്ങൾക്കൊപ്പം പുലരട്ടെ സാമൂഹ്യനീതി.!

കേരളസംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ മുകുന്ദപുരം തയ്യാറാക്കിയ സ്കൂൾ അക്കാദമിക രൂപരേഖ - രണ്ടായിരത്തി 2025 - 25

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ, മുകുന്ദപുരം |
| വിദ്യാഭ്യാസ ഉപജില്ല | : | ഇരിങ്ങാലക്കുട |
| വിദ്യാഭ്യാസ ജില്ല | : | ഇരിങ്ങാലക്കുട |
| റവന്യൂ ജില്ല | : | തൃശ്ശൂർ |
| വിദ്യാലയ വിഭാഗം | : | സർക്കാർ പൊതുവിദ്യാലയം |
| സ്കൂൾ കോഡ് | : | 23329 |
| മുനിസിപ്പാലിറ്റി (നഗരസഭ) | : | ഇരിങ്ങാലക്കുട |
| പിൻകോഡ് | : | |

# സ്റ്റാഫ് പാറ്റേൺ

| | | |
|---|---|---|
| പ്രധാനാധ്യാപിക | : | ഷീന.ടി.എസ് |
| അധ്യാപകർ | : | ഷീല.പി.എ |
| | : | സിബി ജോസ്.എം |
| | : | ബിൻസി |
| അനധ്യാപകർ | : | ലിസി |
| | : | ജയ ഉണ്ണികൃഷ്ണൻ |

## ആമുഖം

താളിയോലകളിൽ നിന്നും കുടിപ്പള്ളിക്കൂടങ്ങളിൽ നിന്നും കമ്പ്യൂട്ടർ സ്ക്രീനിലേക്കും ഹൈടെക് ക്ലാസ് മുറികളിലേക്കും ഉള്ള വളർച്ചയാണ് കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ മികച്ച ലോക മാതൃക. പൊതു വിദ്യാഭ്യാസ സമ്പ്രദായമാണ് പ്രബുദ്ധ കേരളത്തിന്റെ ശക്തമായ അടിത്തറ. ഒരുകാലത്ത് മികച്ചു നിന്നിരുന്ന പൊതുവിദ്യാലയങ്ങൾ അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ പ്രചാരണത്തോടെ കുട്ടികൾ കുറഞ്ഞ അവസ്ഥയിലെത്തി. എന്നാൽ ശക്തമായ ജനകീയ അടിത്തറയോടെ അധികാരികളും അധ്യാപകരും പൊതുജനങ്ങളും കൂട്ടായി ഉണർന്നു പ്രവർത്തിച്ചതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ വീണ്ടും പ്രതാപകാലം വീണ്ടെടുത്തു. കച്ചവട സ്ഥാപനങ്ങളിലെ മോടികളും വർണ്ണത്തിളപ്പുകളും അല്ല ഗുണമേന്മയുള്ള മികച്ച വിദ്യാഭ്യാസമാണ് പൊതുവിദ്യാലയങ്ങൾ നൽകുന്നതെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞു. ഏതൊരു വിദ്യാലയത്തിന്റെയും മികച്ച പ്രവർത്തനങ്ങൾക്ക് കൃത്യമായ ആസൂത്രണങ്ങളും മുന്നൊരുക്കങ്ങളും ആവശ്യമാണ്. അതിലേക്കുള്ള ആദ്യ ചുവടുവെപ്പാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ.

# മലയാളം

**ലക്ഷ്യങ്ങൾ**

- എല്ലാകുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുവെന്നു ഉറപ്പാക്കുക.
- എല്ലാകുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാം വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.
- കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവുനേടുക.
- ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- സർഗ്ഗാത്മക രചനകൾ പുസ്തകരൂപത്തിൽ ഇറക്കുക.
- വിദ്യാരംഗം ക്ലബ്ബ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.
- അക്ഷരമറിയാതെ ഒരുകുട്ടിപോലും വിദ്യാലയം വിടുന്നില്ലെന്ന് ഉറപ്പാക്കുക.
- സ്കൂൾ സാഹിത്യവേദിയിലൂടെ പ്രതിഭകളെ കണ്ടെത്തി വളർത്തുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| • വായന | • ചിത്രവായന<br>• ചിത്രകാർഡ് തയ്യാറാക്കൽ<br>• വായനമൂല തയ്യാറാക്കൽ<br>• പത്ര വായന<br>• വായന കാർഡ് തയ്യാറാക്കൽ<br>• സംഭാഷണമൊരുക്കൽ<br>• വീട്ടുലൈബ്രറി ഒരുക്കൽ<br>• കടങ്കഥപ്പയറ്റ്<br>• നാടൻപാട്ടുകളുടെ അവതരണം<br>• കഥോത്സവം<br>• റോൾപ്ലേ അവതരണങ്ങൾ<br>• പുസ്തക പരിചയം<br>• വിദ്യാരംഗം<br>• സർഗ്ഗവേള<br>• ഡോക്യുമെന്ററി പ്രദർശനം<br>• ക്വിസ്, പ്രസംഗ മത്സരങ്ങൾ<br>• പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകൾ പ്രദർശിപ്പിക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG<br>ക്ലാസ്ടീച്ചർ<br>രക്ഷിതാക്കൾ | അധ്യാപകർ<br>പി.ടി.എ. |
| • ലേഖനം | • സചിത്ര ബുക്ക്<br>• സംയുക്ത ഡയറി<br>• കടങ്കഥ പതിപ്പ് | ജൂൺ – മാർച്ച് | ക്ലാസ്ടീച്ചർ<br>SRG<br>രക്ഷിതാക്കൾ | അധ്യാപകർ<br>പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| | • പഴഞ്ചൊല്ല് ശേഖരണം<br>• നാടൻപാട്ടുകളുടെ ശേഖരണം<br>• കഥ ശേഖരണം<br>• പാചകക്കുറിപ്പ് തയ്യാറാക്കൽ<br>• കത്തുകൾ തയ്യാറാക്കൽ<br>• വായന കുറിപ്പ്<br>• ആസ്വാദനക്കുറിപ്പ്<br>• സ്വന്തമായി പതിപ്പ് തയ്യാറാക്കൽ<br>• കവിത പൂർത്തിയാക്കൽ<br>• രചനോത്സവം | | | |

# ഇംഗ്ലീഷ്

**ലക്ഷ്യങ്ങൾ**

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് (നാടകീകരണം, കവിതാലാപനം, സംവാദം....) അവസരമൊരുക്കുക.
* സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക.
* ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക.
* സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക.
* ഇംഗ്ലീഷിനായി പ്രത്യേക പഠന ക്യാമ്പുകൾ.
* ഹലോ ഇംഗ്ലീഷ്. ഇംഗ്ലീഷ് ടൈം, ഇംഗ്ലീഷ് അസംബ്ലി എന്നിവയ്ക്കുപുറമെ ഇംഗ്ലീഷിലുള്ള രചനകൾ പ്രോത്സാഹിപ്പിക്കുക.
* ഇംഗ്ലീഷ് പത്രവായന, ന്യൂസ് കേൾക്കൽ എന്നിവ നിത്യജീവിതത്തിന്റെ ഭാഗമാക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| • ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | • ആഴ്ചയിൽ ഒരുദിവസം ഇംഗ്ലീഷ് അസംബ്ലി<br>• റീഡേഴ്സ് തിയറ്റർ<br>• പുസ്തക പരിചയം<br>• Reading Card വായന<br>• ചിത്രവായന വിവരണം തയ്യാറാക്കൽ<br>• റേഡിയോ TV വാർത്തകൾ കേൾപ്പിക്കുന്നു. | ജൂൺ – മാർച്ച് | ക്ലാസ്ടീച്ചർ രക്ഷിതാക്കൾ | പി.ടി.എ. അധ്യാപകർ |
| • വായന പരിപോഷണം | • ലൈബ്രറി പുസ്തകവായന<br>• പത്രവായന<br>• പാഠപുസ്തക പ്രവർത്തനങ്ങൾ | ജൂൺ – മാർച്ച് | ക്ലാസ്ടീച്ചർ രക്ഷിതാക്കൾ | |
| • സർഗാത്മകതാ പരിപോഷണം | • പാഠഭാഗങ്ങളെ വിവിധ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ<br>(skit, conversation, story telling, letter writing)<br>• മാസിക തയ്യാറാക്കൽ picture description, word web. word chain, conversation, add more lines, develop story, notice, diary, announcement. | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ രക്ഷിതാക്കൾ | |
| • ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | • ഇംഗ്ലീഷ് ഫെസ്റ്റ്<br>• വിദ്യാരംഗം<br>• വായനാമത്സരം, രചനാമത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | മാസത്തിൽ ഒന്ന് | | |
| ICT | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം | ആവശ്യാനുസരണം | | |

# ഗണിതം

## ലക്ഷ്യങ്ങൾ

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* ഓരോ പ്രദേശത്തിന്റെയും തനത് ഗണിതരീതികളെ പരിചയപ്പെടുത്തുക.
* ഓരോ പ്രായത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
* ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക,
* ഗണിത മാഗസിൻ, ഗണിതക്വിസ്, ഗണിത രൂപങ്ങൾ എന്നിവയിലൂടെ ഗണിതാഭിരുചി വളർത്തുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| • സംഖ്യാബോധം | • സംഖ്യാകാർഡ് നിർമ്മാണം<br>• നമ്പർ ബുക്ക് തയ്യാറാക്കൽ<br>• സംഖ്യ പാറ്റേണുകൾ തയ്യാറാക്കൽ<br>• കലണ്ടർ പാറ്റേണുകൾ രൂപീകരിക്കൽ<br>• ആരോഹണക്രമം അവരോഹണക്രമം.<br>• സംഖ്യകളെ വ്യത്യസ്തരീതിയിൽ മാറ്റിയെഴുതുക,<br>• സംഖ്യകളെ അബാക്കസിൽ ചിത്രീകരിക്കുക. | ജൂൺ – ആഗസ്റ്റ് | ക്ലാസ്ടീച്ചർ<br>SRG<br>രക്ഷിതാക്കൾ | പി.ടി.എ.<br>അധ്യാപകർ |
| • ഗണിത കിറ്റ് | • ഗണിത പഠനത്തിന് ഗണിത കിറ്റ് തയ്യാറാക്കുന്നു. | | | |
| • ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | • സങ്കലന, വ്യവകലന, ചിഹ്നങ്ങൾ (+, –) തിരിച്ചറിയുന്നു | | | |
| • പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | • ക്രിയ ചെയ്യാം<br>• ജോഡി കണ്ടെത്താം<br>• സംഖ്യാ ചക്രം<br>• ഗണിതകേളികൾ<br>• കാർഡുകളി<br>• കച്ചവടക്കളി<br>• പാമ്പും കോണിയും<br>• ഡയസ് കളി<br>• മോണോപോളി | മ | | |
| • ഗണിതപഠന പ്രവർത്തനങ്ങൾ സുതാര്യമാക്കൽ | • സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.<br>• ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം<br>• ക്ലോക്ക്, കലണ്ടർ നിർമ്മാണം<br>• ഗണിത അസംബ്ലി<br>• ഗണിത നിഘണ്ടു തയ്യാറാക്കൽ | | | |

# ഒന്നാം ക്ലാസ്സ് ഒന്നാംതരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന എല്ലാ കുട്ടികളുടെയും പഠന നിലവാരം ഉറപ്പു വരുത്തൽ | എല്ലാ കുട്ടികളുടെയും അക്ഷരം ഉറപ്പിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള പ്രവർത്തനങ്ങളിൽ പരിശീലനം നൽകൽ (sweet English) ഓരോ മേഖലയിലും മികച്ച നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഒന്നാം ക്ലാസ് അധ്യാപിക കെ.എസ്. ബീന | പി.ടി.എ 2000 |

Scanned with OKEN Scanner

# സ്കൂൾ പത്രം/മാസിക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ വിജ്ഞാനം വർദ്ധിപ്പിക്കാനും സമകാലീന സംഭവങ്ങളും വാർത്തകളും അറിയുന്നതിനുമായി പത്രങ്ങൾ/മാസികകൾ എന്നിവ സ്കൂളിൽ ലഭ്യമാക്കുക | ഓരോ ക്ലാസിനു പത്രം- പദ്ധതി നടപ്പിലാക്കാനായി സ്പോൺസർമാരെ കണ്ടെത്തൽ പത്രവായനയ്ക്ക് പ്രത്യേക സമയം കണ്ടെത്തൽ അസംബ്ലിയിൽ ഓരോ ദിവസം ഓരോ ക്ലാസിന് പത്രവായനയ്ക്ക് അവസരം മാസത്തിലൊരിക്കൽ സമകാലീന വാർത്തകളെ അടിസ്ഥാനമാക്കിയുള്ള ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | ജൂൺ മാസം മുതൽ എല്ലാ മാസവും | പ്രധാനാധ്യാപിക | പി.ടി.എ ഒ എസ്. എ 3000 |

Scanned with OKEN Scanner

# ക്ലാസ്സ് പി.ടി.എ സജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സമഗ്രവികസനം സാധ്യമാക്കുന്ന രീതിയിൽ ക്ലാസ് പി.ടി.എ സജീവമാക്കൽ | മാസത്തിലൊരിക്കൽ സി.പി.ടി.എ ചേരൽ<br>കോർണർ പി.ടി.എ സംഘടിപ്പിക്കൽ<br>ക്ലാസ് റൂം പ്രവർത്തനങ്ങൾക്കു സഹായകമായ രീതിയിലുള്ള രക്ഷിതാക്കളിലെ വിഭവശേഷി പ്രയോജനപ്പെടുത്തുക<br>ക്ലാസ് റൂം പ്രവർത്തനങ്ങൾ വിലയിരുത്തി അഭിപ്രായങ്ങൾ പങ്കുവയ്ക്കൽ | എല്ലാ മാസവും | അതാത് ക്ലാസ് ടീച്ചർമാർ | |

Scanned with OKEN Scanner

# സമഗ്ര ഗുണമേന്മാവിദ്യാലയ വികസന പദ്ധതി പ്രകാരം വിദ്യാലയ വികസന സമിതി സ്ക്കൂളിൽ നടപ്പാക്കാൻ തീരുമാനിച്ച പ്രവർത്തനങ്ങൾ

## അക്കാദമികം

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷിവികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. വായനാ പരിപോഷണം
5. ലൈബ്രറിശാക്തീകരണം
6. നാടകകളരി
7. ജൈവ വൈവിധ്യപാർക്ക്
8. പഠനയാത്രകൾ
9. ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ
10. സ്കൂൾ പത്രം/മാസിക
11. ഒന്നാംക്ലാസ്സ് ഒന്നാംതരം
12. പച്ചക്കറിത്തോട്ടം
13. പോഷകാഹാരപരിപാടി
14. ദിനാചരണം

Scanned with OKEN Scanner

# സാമൂഹികം

1. പി.ടി.എ. ശക്തിപ്പെടുത്തൽ
2. വിദ്യാലയ വികസനസമിതി
3. പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
4. ഗ്രന്ഥ ശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയേജനപ്പെടുത്തൽ.

Scanned with OKEN Scanner

## എൽ.പി. പരിസരപഠനം – ~~ശാസ്ത്രം യു.പി.~~

**ലക്ഷ്യങ്ങൾ**

* ശാസ്ത്രപഠനത്തിന് താല്പര്യം വളർത്തുക
* ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക.
* പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തിയെടുക്കുക.
* കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക.
* ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം.
* ശാസ്ത്ര ക്ലാസ്സുകളിൽ കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുക.
* കുട്ടികളെ ഗവേഷണാത്മകമായ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക.
* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
* പഠനോപകരണങ്ങളും കളിപ്പാട്ടങ്ങളും നിർമ്മിക്കൽ.
* പ്രവർത്തിച്ച് പഠിക്കാൻ കൂടുതൽ അവസരം നൽകുക.
* ശാസ്ത്രക്ലബ്ബിൽ ശാസ്ത്രജ്ഞരുടെ ജീവിതം പരിചയപ്പെടുത്തുക.
* സ്വന്തമായി നടത്തുന്ന പരീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കുക.

# പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് പോഷക സമൃദ്ധമായ ആഹാരം ലഭ്യമാക്കൽ | വിഭവസമൃദ്ധവും പോഷക സമൃദ്ധവുമായി ഉച്ചഭക്ഷണം തയ്യാറാക്കൽ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ പാലും ബുധനാഴ്ച മുട്ടയും നൽകൽ സ്കുൾ പച്ചക്കറിത്തോട്ടത്തിലെ ജൈവ പച്ചക്കറികൾ ഉച്ച ഭക്ഷണത്തിനു ലഭ്യമാക്കൽ ശുദ്ധീകരിച്ച വെള്ളം നൽകാനുള്ള സംവിധാനം പ്രസിദ്ധികരിച്ച മെനു. ആധുനിക സൗകര്യങ്ങളോടും വൃത്തിയോടും കൂടിയ അടുക്കള | ജൂൺ മാസം മുതൽ വർഷാവസാനം വരെ | | ഗവൺമെന്റ് |

Scanned with OKEN Scanner

# ദിനാചരണങ്ങൾ 2025 – 2025

## ജൂൺ 2025

| ക്രമനമ്പർ | തിയ്യതി | ദിനാചരണങ്ങൾ |
|---|---|---|
| 1 | 2-6-2025 | പ്രവേശനോത്സവം |
| 2 | 4-6-2025 | SRG Meeting |
| 3 | 5-6-2025 | പരിസ്ഥിതിദിനം - പ്രതിജ്ഞ, പോസ്റ്റർ രചന, ക്വിസ് മത്സരം, ഫോട്ടോ ഗ്രാഫി മത്സരം - കുട്ടികൾ ചെടി നടുന്നത്. |
| 4 | 9-6-2025 | ക്ലബ്ബുകളുടെ രൂപീകരണം |
| 5 | 11-6-2025 | SRG Meeting |
| 6 | 18-6-2025 | SRG Meeting |
| 7 | 19-6-2025 | വായനദിനം - പി.എൻ. പണിക്കർ അനുസ്മരണം, പുസ്തക പരിചയം, ആസ്വാദനക്കുറിപ്പ് മത്സരം. |
| 8 | 21-6-2025 | അന്താരാഷ്ട്ര യോഗദിനം |
| 9 | 26-6-2025 | SRG Meeting<br>ലോക ലഹരി വിരുദ്ധ ദിനം |

## ജൂലായ് 2025

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | SRG | |
| 5 | ബഷീർ ദിനം | കുറിപ്പ് വായന, കഥാപാത്രാവിഷ്ക്കാരം |
| 8 | ക്ലാസ് പി.ടി.എ, SRG | |
| 10 | ക്ലബ്ബ് ഉദ്ഘാടനം | |
| 11 | ലോക ജനസംഖ്യാദിനം | കുറിപ്പ് വായന |
| 15 | സ്കൂൾ ഇലക്ഷൻ, SRG | |
| 21 | ചാന്ദ്രദിനം | ക്വിസ്, പാട്ടുകൾ, റോക്കറ്റു നിർമ്മാണം, പോസ്റ്റർ രചന |
| 22 | SRG | |
| 29 | യൂണിറ്റ് ടെസ്റ്റ്, SRG | |

## ആഗസ്റ്റ് 2025

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 6-8-2025 | ഹിരോഷിമ ദിനം, SRG | പോസ്റ്റർ രചന മത്സരം |
| 9-8-2025 | ക്വിറ്റ് ഇന്ത്യദിനം | വിവരണം - വായന |
| | നാഗസാക്കി ദിനം | കുറിപ്പ് - വായന |
| 13-8-2025 | SRG | |
| 15-8-2025 | സ്വാതന്ത്ര്യദിനം | പ്രസംഗമത്സരം, ഫേൻസി ഡ്രസ്സ്, ദേശഭക്തി ഗാനം, ക്വിസ് മത്സരം, പോസ്റ്റർ രചന മത്സരം |
| 17-8-2025 | കർഷകദിനം | കുറിപ്പ് വായന, നാടൻപാട്ട്, കൃഷിപ്പാട്ട്, ഫേൻസി ഡ്രസ്സ്, മികച്ച കർഷകരെ ആദരിക്കൽ |
| 20-8-2025 | SRG | |
| 27-8-2025 | SRG | |

## സെപ്തംബർ 2025

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 5-9-2025 | ദേശീയ അധ്യാപകദിനം | |
| 10-9-2025 | SRG meeting | |
| 14-9-2025 | ദേശീയ ഹിന്ദി ദിനം | ഹിന്ദി അസംബ്ലി |
| 16-9-2025 | ഓസോൺ ദിനം | പോസ്റ്റർ രചന<br>കുറിപ്പവതരണം |
| 17-9-2025 | SRG meeting | |
| 24-9-2025 | SRG meeting | |

## ഒക്ടോബർ 2025

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 2-10-2025 | ഗാന്ധിജയന്തി | ക്വിസ്, പോസ്റ്റർ, കുറിപ്പ് |
| 5-10-2025 | അന്താരാഷ്ട്ര അധ്യാപക ദിനം | കുറിപ്പ് |
| 8-10-2025 | SRG | |
| 10-10-2025 | ദേശീയ തപാൽ ദിനം | പോസ്റ്റോഫീസ് സന്ദർശനം |
| 13-10-2025 | സംസ്ഥാന കായികദിനം | കായികതാരങ്ങളെ പരിചയപ്പെടുത്തൽ |
| 15-10-2025 | SRG | |
| 16-10-2025 | ലോക ഭക്ഷ്യദിനം | ഭക്ഷ്യമേള |
| 22-10-2025 | SRG | |
| 24-10-2025 | ഐക്യരാഷ്ട്ര ദിനം | ക്വിസ്, കുറിപ്പ് |
| 29-10-2025 | SRG | |

## നവംബർ 2025

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 1-11-2025 | കേരളപ്പിറവി ദിനം | കുറിപ്പ് വായന, പോസ്റ്റർ നിർമ്മാണം ക്വിസ് മത്സരം, കേരളഗാനാലാപനം |
| 5-11-2025 | SRG | |
| 12-11-2025 | SRG | |
| 14-11-2025 | ശിശുദിനം | ക്വിസ് മത്സരം, ശിശുദിനഗാനങ്ങൾ, ചിത്രരചന മത്സരം, പ്രച്ഛന്നവേഷം |
| 19-11-2025 | SRG | |
| 26-11-2025 | SRG | |

## ഡിസംബർ 2025

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 1-12-2025 | ലോക എയ്ഡ്സ് ദിനം | അസംബ്ലിയിൽ കുറിപ്പ് വായിക്കുന്നു |
| 3-12-2025 | SRG<br>ലോകഭിന്നശേഷി ദിനം | CWSN കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്കൂൾ അസംബ്ലി<br>പ്രത്യേക പരിഗണനയർഹിക്കുന്ന പ്രശസ്തരായ വ്യക്തികളെ ഓരോ ക്ലാസിൽനിന്നും പരിചയപ്പെടുത്തുന്നു. |
| 10-12-2025 | SRG<br>ലോക മനുഷ്യാവകാശ ദിനം | കുറിപ്പ് വായന |
| 15-12-2025 മുതൽ 19-12-2025 | അർദ്ധവാർഷിക പരീക്ഷ | |
| 19-12-2025 | ക്രിസ്തുമസ് ആഘോഷം | |
| 22-12-2025 മുതൽ 26-12-2025 | ക്രിസ്തുമസ് അവധി | |

## ജനുവരി 2026

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 1-1-2026 | പുതുവർഷം | സന്ദേശം |
| 8-1-2026 | SRG | |
| 10-1-2026 | ലോക ഹിന്ദി ദിനം | പോസ്റ്റർ നിർമ്മാണം<br>പ്രസംഗം |
| 14-1-2026 | SRG | |
| 21-1-2026 | SRG | |
| 24-1-2026 | ദേശീയ ബാലികാദിനം | കുറിപ്പ് വായന |
| 26-1-2026 | റിപ്പബ്ലിക് ദിനം | ക്വിസ് മത്സരം, പതാക ഉയർത്തൽ, പ്രസംഗം<br>റിപ്പബ്ലിക് സന്ദേശം, പോസ്റ്റർ നിർമ്മാണം |
| 28-1-2026 | SRG | |
| 30-1-2026 | രക്തസാക്ഷിദിനം | രക്തസാക്ഷി അനുസ്മരണം, ഗാന്ധി ക്വിസ്, കുറിപ്പ് വായന |

## ഫെബ്രുവരി 2026

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 2-2-2026 | ലോക തണ്ണീർത്തടദിനം | കുറിപ്പ് വായന, വീഡിയോ പ്രദർശനം |
| 4-2-2026 | SRG | |
| 11-2-2026 | SRG | പോസ്റ്റർ നിർമ്മാണം<br>പ്രസംഗം |
| 12-2-2026 | ചാൾസ്ഡാർ വിൻ ദിനം | കുറിപ്പ് വായന |
| 13-2-2026 | ലോക റേഡിയോ ദിനം | റേഡിയോ പരിപാടികൾ പരിചയപ്പെടൽ |
| 18-2-2026 | SRG | |
| 21-2-2026 | ലോകമാതൃഭാഷാദിനം | കവിതാലാപനം, പോസ്റ്റർനിർമ്മാണം |
| 25-2-2026 | SRG | |
| 28-2-2026 | ദേശീയ ശാസ്ത്രദിനം | ലഘുപരീക്ഷണം നടത്തൽ, ചുമർപത്രിക, ക്വിസ് മത്സരം, ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ |

# ഉപസംഹാരം

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയിൽ തിരിച്ചറിവും വകതിരിവും രൂപപ്പെടുത്തലാണ്. മറ്റെല്ലാം ഇതിൽ അന്തർലീനമാണ്. ഒരു കാലത്ത് വിദ്യാഭ്യാസം വിവര ശേഖരണത്തിനും വിനിമയത്തിനുമുള്ളത് മാത്രമായിരുന്നു. പാഠപുസ്തകത്തിനപ്പുറമുള്ള കാഴ്ചകൾ കുട്ടിക്ക് അന്യമായിരുന്നു. എന്നാൽ ഇന്ന് കാലം മാറി. അധ്യാപകൻ ഒരു പ്രേരക ശക്തിയായും മെന്ററായും ഉയർന്നു. കുട്ടിയെ പുതിയൊരു ലോകത്തേക്ക് കൈപിടിച്ചുയർത്തി.

ഏറെ പരിമിതികൾക്കു നടുവിൽ നിന്ന് കൊണ്ട്, ഞങ്ങൾ ജി. എൽ.പി.എസ് മുകുന്ദപുരത്തെ, അധ്യാപകരും അനധ്യാപകരും ചേർന്ന 'റിസോഴ്സ് ഗ്രൂപ്പ്' അഭിമാനത്തോടെ 2025-26 വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ **"സപര്യ"** പൊതു സമൂഹ സമക്ഷം സമർപ്പിക്കുന്നു.